## വൈദ്യുതി ബോർഡ് നൽകുന്ന പലിശ

**7 (1656)** ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ വൈദ്യുതി ബോർഡിന്റെ വരവെത്രയെന്നറിയിക്കാമോ ;

(ബി) പ്രതിവർഷം സംസ്ഥാന വൈദ്യുതി ബോർഡ് നൽകേണ്ട പലിശയെത്ര ;

(സി) ആകെ വരവിന്റെ എത്ര ശതമാനമാണ് ഇപ്പോൾ അടയ്ക്കുന്ന പലിശ ;

(ഡി) ഇപ്പോൾ വൈദ്യുതി ബോർഡിന്റെ വായ്പകളിൻമേൽ കൊടുത്തു വരുന്ന പലിശയുടെ നിരക്കെത്രയെന്നറിയിക്കാമോ ?

ഉത്തരം

(എ) 2003 ഏപ്രിൽ മാസത്തിൽ എല്ലാ ഇനങ്ങളിലുമായി (ഒ.വൈ.ഇ.സി. ഉൾപ്പെടെ) ലഭിച്ച വരവ് 277.40 കോടി രൂപയാണ്.

(ബി&സി) ബോർഡിന്റെ ബഡ്ജറ്റ്പ്രകാരം 2003-2004 സാമ്പത്തിക വർഷത്തിൽ നൽകേണ്ട മൊത്തം പലിശ 669.65 കോടി രൂപയാണ്. ഇത് ആകെ വരവിന്റെ 22.01 ശതമാനമാണ്.

(ഡി) വിദേശ ധനകാര്യ സ്ഥാപനങ്ങളിലെ വായ്പകളുടെ പലിശനിരക്ക് 5.95% മുതൽ 7.01% വരെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള പലിശയുടെ നിരക്ക് 9.5% മുതൽ 14% വരെയുമാണ്. ബോർഡ് ഇറക്കിയ എസ്.എൻ.ആർ. ബോണ്ടുകൾക്ക് 11.4% മുതൽ 15.75% വരെ പലിശ നൽകേണ്ടി വരുന്നുണ്ട്.

## വൈദ്യുതി ലഭിക്കാത്തതിനാൽ പൂർത്തീകരിക്കാനാവാത്ത കുടിവെള്ള പദ്ധതികൾ

**8 (1667)** ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ വൈദ്യുതി ലഭിക്കാത്തതിനാൽ പൂർത്തിയാക്കാനാവാത്ത കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇവ പൂർത്തീകരിക്കാൻ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ;

(ഡി) ഇനിയും എന്തെല്ലാം നടപടികളാണ് ഇവ പൂർത്തീകരിക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly